"ഭരണഭാഷ മാതൃഭാഷ"

*"കസ്റ്റഡി*
*തിരുത്തൽ*
*നവീകരണം*
*പുനരധിവാസം"*

www.keralaprisons.gov.in

**കേരള പ്രിസൺസ് &**
**കറക്ഷണൽ**
**സർവ്വീസസ്**

സെൻട്രൽ പ്രിസൺ &
കറക്ഷണൽ ഹോം
പൂജപ്പുര, തിരുവനന്തപുരം-12

0471-2342138

cp.tvpm.prisons@kerala.gov.in

നം: KPCS/CPCH/TVPM/660/2026-D1 തീയതി: 12-11-2026

## ദർഘാസ് പരസ്യം

ജയിൽ ആസ്ഥാന കാര്യാലയത്തിൽ സ്റ്റേറ്റ് ലെവൽ അഡ്വൈസറി കമ്മിറ്റി യോഗങ്ങൾ ഓൺലൈനായി സംഘടിപ്പിക്കുന്നതിനാവശ്യമായ 86 ഇഞ്ച് (218 സെ.മീ.) 4K Ultra HD Smart TV ഒരെണ്ണം വാങ്ങുന്നതിനായി അംഗീകൃത നിർമ്മാതാക്കളിൽ നിന്നും അംഗീകൃത വിതരണക്കാരിൽ നിന്നും യോഗ്യതയുള്ള സ്ഥാപനങ്ങളിൽ നിന്നും മുദ്രവച്ച മത്സരാധിഷ്ഠിത ദർഘാസുകൾ ക്ഷണിച്ചുകൊള്ളുന്നു.

### ദർഘാസ് സംബന്ധിച്ച വിവരങ്ങൾ

| | | |
|---|---|---|
| 01. | വിതരണം ചെയ്യേണ്ട ഉപകരണം | 86-inch (218 cm) 4K Ultra HD Smart TV |
| 02. | എണ്ണം | ഒന്ന് (1) |
| 03. | ദർഘാസ് സമർപ്പിക്കേണ്ട അവസാന തീയതിയും സമയവും | 25.11.2026, ഉച്ചയ്ക്ക് 12.00 മണി |
| 04. | ദർഘാസ് തുറക്കുന്ന തീയതിയും സമയവും | 25.11.2026, വൈകുന്നേരം 4.00 മണി |
| 05. | ദർഘാസ് സമർപ്പിക്കേണ്ട വിലാസം | സൂപ്രണ്ട്, സെൻട്രൽ പ്രിസൺ പൂജപ്പുര, തിരുവനന്തപുരം – 695012 |
| 06. | ദർഘാസ് ഫോറം ലഭിക്കുന്ന സ്ഥലം | ഡെപ്യൂട്ടി സൂപ്രണ്ട് (ജനറൽ) കാര്യാലയം സെൻട്രൽ പ്രിസൺ തിരുവനന്തപുരം |
| 07. | ദർഘാസ് ഫോറം വിൽപ്പന അവസാനിക്കുന്ന സമയം: | 25.11.2026, രാവിലെ 10.00 മണി |

### ദർഘാസ് നിബന്ധനകൾ

1. ദർഘാസുകൾ നിർദിഷ്ട ഫോറത്തിൽ പൂർണ്ണമായി പൂരിപ്പിച്ച്, ആവശ്യമായ അനുബന്ധ രേഖകളും നിരതദ്രവ്യവും സഹിതം മുദ്രവച്ച കവറിൽ സമർപ്പിക്കേണ്ടതാണ്. കവറിന് പുറത്ത് **"ജയിൽ ആസ്ഥാന കാര്യാലയത്തിലേക്ക് 86 ഇഞ്ച് 4K Ultra HD Smart TV വിതരണം ചെയ്യുന്നതിനുള്ള ദർഘാസ്"** എന്ന് വ്യക്തമായി രേഖപ്പെടുത്തിയിരിക്കണം.

2. ദർഘാസുകൾ 25.11.2026 ഉച്ചയ്ക്ക് 12.00 മണിക്ക് മുമ്പായി സൂപ്രണ്ട്, സെൻട്രൽ പ്രിസൺ & കറക്ഷണൽ ഹോം, തിരുവനന്തപുരം എന്ന വിലാസത്തിൽ ലഭിച്ചിരിക്കേണ്ടതാണ്. നിശ്ചിത സമയത്തിനുശേഷം ലഭിക്കുന്ന ദർഘാസുകൾ പരിഗണിക്കുന്നതല്ല.

3. നിശ്ചിത സമയത്തിനുള്ളിൽ ലഭിക്കുന്ന ദർഘാസുകൾ 25.11.2026 വൈകുന്നേരം 4.00 മണിക്ക് ദർഘാസ് സമർപ്പിച്ചവരുടെയോ അവരുടെ അധികാരപ്പെടുത്തിയ പ്രതിനിധികളുടെയോ സാന്നിധ്യത്തിൽ ഇറന്ന് പരിശോധിക്കുന്നതാണ്.

4. ദർഘാസിൽ പങ്കെടുക്കുന്നവർ ദർഘാസിന്റെ ആകെ കണക്കാക്കിയ മൂല്യത്തിന്റെ 1% നിരക്കിൽ, കുറഞ്ഞത് ₹1,500/- നിരതദ്രവ്യമായി (Earnest Money Deposit) സമർപ്പിക്കേണ്ടതാണ്. നിരതദ്രവ്യം സെൻട്രൽ പ്രിസൺ & കറക്ഷണൽ ഹോം, തിരുവനന്തപുരം സൂപ്രണ്ടിന്റെ പേരിൽ എടുത്ത ഡിമാൻഡ് ഡ്രാഫ്റ്റായി ദർഘാസിനോടൊപ്പം സമർപ്പിക്കേണ്ടതാണ്.

5. കേരള സ്റ്റോർ പർച്ചേസ് വകുപ്പിലോ നാഷണൽ സ്മോൾ ഇൻഡസ്ട്രീസ് കോർപ്പറേഷനിലോ (NSIC) ബന്ധപ്പെട്ട ഇനത്തിൽ സാധുവായ രജിസ്ട്രേഷനുള്ളതും ബാധകമായ സർക്കാർ ഉത്തരവുകൾ പ്രകാരം നിരതദ്രവ്യ ഇളവിന് അർഹതയുള്ളതുമായ സ്ഥാപനങ്ങൾക്ക്, സാധുവായ രജിസ്ട്രേഷൻ സർട്ടിഫിക്കറ്റും ആവശ്യമായ മറ്റ് രേഖകളും ഹാജരാക്കുന്നതിന് വിധേയമായി ഇളവ് അനുവദിക്കുന്നതാണ്.

6. ദർഘാസ് ഫോറത്തിന്റെ വില ₹400/- + 18% GST.

7. ഡ്യൂപ്ലിക്കേറ്റ് ദർഘാസ് ഫോറത്തിന്റെ വില, ഒറിജിനൽ ദർഘാസ് ഫോറത്തിന്റെ വിലയുടെ 50% ആയിരിക്കുന്നതാണ്. ബാധകമായ GST അധികമായി ഈടാക്കുന്നതാണ്.

8. ദർഘാസ് ഫോറങ്ങൾ എല്ലാ പ്രവൃത്തി ദിവസങ്ങളിലും ഓഫീസ് സമയത്ത് നിശ്ചിത തുക അടച്ച് ഡെപ്യൂട്ടി സൂപ്രണ്ട് ജനറൽ സെക്ഷനിൽ നിന്നും ലഭിക്കുന്നതാണ്. ദർഘാസ് ഫോറത്തിന്റെ വിൽപ്പന 25.11.2026 രാവിലെ 10.00 മണിക്ക് അവസാനിക്കുന്നതാണ്.

9. ദർഘാസ് ഫോറത്തിനായി അടയ്ക്കുന്ന തുക യാതൊരു സാഹചര്യത്തിലും തിരികെ നൽകുന്നതല്ല. ദർഘാസ് ഫോറങ്ങൾ കൈമാറ്റം ചെയ്യാൻ പാടുള്ളതല്ല. ദർഘാസ് ഫോറങ്ങൾ വി.പി.പി. ആയി അയയ്ക്കുന്നതോ ഫോറത്തിന്റെ വിലയായി ചെക്ക്, പോസ്റ്റേജ് സ്റ്റാമ്പ് മുതലായവ സ്വീകരിക്കുന്നതോ അല്ല.

10. വിതരണം ചെയ്യാൻ ഉദ്ദേശിക്കുന്ന ടെലിവിഷന്റെ നിർമ്മാതാവ്, ബ്രാൻഡ്, മോഡൽ നമ്പർ, സാങ്കേതിക സവിശേഷതകൾ, വാറന്റി കാലാവധി, വിതരണം പൂർത്തിയാക്കുന്നതിനാവശ്യമായ സമയം എന്നിവ ദർഘാസിൽ വ്യക്തമായി രേഖപ്പെടുത്തേണ്ടതാണ്. ഉപകരണത്തിന്റെ സാങ്കേതിക വിവരങ്ങൾ അടങ്ങിയ ബ്രോഷർ / ഡാറ്റാഷീറ്റ് ദർഘാസിനോടൊപ്പം സമർപ്പിക്കേണ്ടതാണ്.

11. ദർഘാസിൽ രേഖപ്പെടുത്തുന്ന വിലയിൽ ബാധകമായ നികുതികൾ, ഗതാഗതച്ചെലവ്, മറ്റ് അനുബന്ധ ചെലവുകൾ എന്നിവ ഉൾപ്പെട്ടിട്ടുണ്ടോ എന്ന് വ്യക്തമായി

രേഖപ്പെടുത്തേണ്ടതാണ്. ഇൻസ്റ്റലേഷൻ ഉൾപ്പെടെയുള്ള സേവനങ്ങൾ നൽകുന്നുണ്ടെങ്കിൽ അവയുടെ വിവരങ്ങളും പ്രത്യേകം വ്യക്തമാക്കേണ്ടതാണ്.

12. വിതരണം ചെയ്യുന്ന ഉപകരണം പുതിയതും ഉപയോഗിക്കാത്തതും നിർമ്മാതാവിന്റെ യഥാർത്ഥ ഉൽപ്പന്നവുമായിരിക്കണം. ദർഘാസിൽ വാഗ്ദാനം ചെയ്തിരിക്കുന്ന സാങ്കേതിക സവിശേഷതകളും വാറന്റിയും ഉപകരണത്തിന് ഉണ്ടായിരിക്കേണ്ടതാണ്.

13. ലഭിക്കുന്ന ദർഘാസുകൾ സാങ്കേതിക സവിശേഷതകൾ, യോഗ്യത, നിരക്ക്, മറ്റ് നിബന്ധനകൾ എന്നിവയുടെ അടിസ്ഥാനത്തിൽ പരിശോധിക്കുന്നതാണ്. നിർദിഷ്ട യോഗ്യതകളും സാങ്കേതിക സവിശേഷതകളും പാലിക്കുന്ന ദർഘാസുകളിൽ ഏറ്റവും കുറഞ്ഞ നിരക്ക് രേഖപ്പെടുത്തിയ ദർഘാസ്, ബഹു. ഡയറക്ടർ ജനറൽ ഓഫ് പ്രിസൺസ് & കറക്ഷണൽ സർവീസസ് അവരുടെ ഉത്തരവുകൾക്കും ബാധകമായ സർക്കാർ ചട്ടങ്ങൾക്കും വിധേയമായി അംഗീകരിക്കുന്നതിന് പരിഗണിക്കുന്നതാണ്.

14. ഏറ്റവും കുറഞ്ഞ നിരക്ക് രേഖപ്പെടുത്തിയ ദർഘാസ് നിർബന്ധമായും അംഗീകരിക്കണമെന്നില്ല. ദർഘാസ് നിബന്ധനകൾ പാലിക്കാത്തതോ സാങ്കേതികമായി യോഗ്യമല്ലാത്തതോ ആയ ദർഘാസുകൾ നിരസിക്കുന്നതാണ്.

15. ലഭിക്കുന്ന ഏതെങ്കിലും ദർഘാസോ എല്ലാ ദർഘാസുകളുമോ, ബാധകമായ ചട്ടങ്ങൾക്കും അധികാരപരിധിക്കും വിധേയമായി, മതിയായ കാരണങ്ങളാൽ നിരസിക്കുന്നതിനുള്ള അധികാരം യോഗ്യതയുള്ള അധികാരിയിൽ നിക്ഷിപ്തമായിരിക്കുന്നതാണ്.

16. ദർഘാസ് അംഗീകരിക്കപ്പെടുന്ന പക്ഷം, വിതരണക്കാരൻ അംഗീകരിച്ച നിബന്ധനകളും വിതരണ ഉത്തരവിലെ വ്യവസ്ഥകളും പാലിച്ച് നിശ്ചിത സമയപരിധിക്കുള്ളിൽ ഉപകരണം വിതരണം ചെയ്യേണ്ടതാണ്.

17. ദർഘാസ് നടപടികൾ കേരള സ്റ്റോർ പർച്ചേസ് മാന്വലിലെയും അതിന്റെ ഭേദഗതികളിലെയും ബാധകമായ വ്യവസ്ഥകൾക്കും സർക്കാർ കാലാകാലങ്ങളിൽ പുറപ്പെടുവിക്കുന്ന ഉത്തരവുകൾക്കും വിധേയമായിരിക്കുന്നതാണ്.

18. ദർഘാസ് സംബന്ധിച്ച കൂടുതൽ വിവരങ്ങൾ പ്രവൃത്തി ദിവസങ്ങളിൽ ഓഫീസ് സമയത്ത് സെൻട്രൽ പ്രിസൺ & കറക്ഷണൽ ഹോം, തിരുവനന്തപുരം കാര്യാലയത്തിൽ നിന്നും ലഭിക്കുന്നതാണ്.

**സൂപ്രണ്ട്**
സെൻട്രൽ പ്രിസൺ & കറക്ഷണൽ ഹോം
തിരുവനന്തപുരം